# ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്

**സിനഡ് സെക്രട്ടറിയറ്റ്, സെന്റ് തോമസ് കമ്യൂണിറ്റി, തിരുവല്ല, കേരളം, ഇൻഡ്യ**

## ഇടയലേഖനം

Septermber 2023

**ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിലെ എല്ലാ ആർച്ചുബിഷപ്പുമാർക്കും, തിരുമേനിമാർക്കും, വൈദീകർ, ശെമ്മാശന്മാർ, സുവിശേഷകർ, സിസ്റ്റേഴ്സ് ഓഫ് കംപാഷൻ എന്നിവർക്കും ലോകമെമ്പാടുമുള്ള എല്ലാ സഭയുടെ വിശ്വസ്തർക്കും**

**പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ അനുഗ്രഹങ്ങളും വാഴ്വുകളും.**

കർത്താവിൽ എനിക്ക് വാത്സല്യമുള്ളവരേ,

രൂപാന്തരീകരണ ഞായറിന്റെ കാലഘട്ടത്തിൽ ഒരു പൗരസ്ത്യ സഭാ വിശ്വാസി ദൈവീക സ്വഭാവത്തോട് കൂടുതൽ അനുരൂപപ്പെടുവാൻ നമ്മെ ഓർമ്മപ്പെടുത്തിയല്ലോ! അങ്ങനെ സംഭവിക്കുന്നതിന് നമ്മുടെ ജീവിതത്തിൽ ഒരു പശ്ചാത്താപം ആവശ്യമാണ്. ഈയൊരു മാസം നമ്മുടെ ജീവിതത്തിൽ നമുക്ക് ആവശ്യമായിരിക്കുന്ന അനുതാപത്തെക്കുറിച്ച് മനസ്സിലാക്കാം.

**1. അനുതാപം തുടർച്ചയായി ഉണ്ടാകേണ്ടുന്ന ഒന്നാണ്.**

വളരെ പ്രധാനപ്പെട്ട ഒരു സഭാ വിശുദ്ധന്റെ വാക്കുകൾ ഇപ്രകാരമാണ്: "നമുക്ക് ജീവിക്കാൻ പ്രധാനമായും രണ്ട് വഴികളാണ് ഉള്ളത്, ഒന്നുകിൽ പാപം ചെയ്യാത്തവരായി ജീവിക്കണം, അല്ലെങ്കിൽ നാം പാപം ചെയ്താലും അനുതാപത്തോടെ ജീവിക്കണം." അതുമാത്രമാണ് രക്ഷയ്ക്കുള്ള ഏക വഴി. യാതൊരു പാപവും ചെയ്യാതെ മുൻപോട്ട് ജീവിക്കുക എന്നുള്ളത് നമുക്കാർക്കും സാധിക്കുകയില്ല. അതുകൊണ്ടുതന്നെ എല്ലാവരും തുടർച്ചയായി അനുതപിക്കേണ്ടത് ആവശ്യമാണ്. മാനസാന്തരത്തിന് നമ്മുടെ പഴയ പാപവഴികൾ ഉപേക്ഷിച്ച് ക്രിസ്തുവിന്റെ വഴികൾ സ്വീകരിക്കാനുള്ള സന്നദ്ധത ആവശ്യമാണ്. എവിടെയാണ് നാം മാറേണ്ടത് എന്ന് പരിശുദ്ധാത്മാവ് നമുക്ക് കാണിച്ചുതരുന്നു. അതുകൊണ്ടാണ് 'കർത്താവായ യേശുവേ പാപിയായ എന്നോട് കരുണയുണ്ടാകേണമേ എന്ന പ്രാർത്ഥന സഭാപിതാക്കന്മാർ ആവർത്തിച്ച് പ്രാർത്ഥിച്ചത്. നാം അങ്ങനെ ചെയ്യുമ്പോൾ ദൈവം നമ്മെ ശുദ്ധീകരിക്കുന്നു. ഇത് എപ്രകാരം ചെയ്യണമെന്ന് വിശുദ്ധ യോഹന്നാൻ ശ്ലീഹ നമുക്ക് പറഞ്ഞു തരുന്നു. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹന്നാൻ 1:9).

**2. ആത്മാർത്ഥതയില്ലാത്ത അനുതാപം അവസാനിപ്പിക്കുക.**

സ്നാപക യോഹന്നാന്റെ കാലത്ത്, യഹൂദന്മാർ അബ്രഹാമിന്റെ സന്തതികളായി തുടരുന്നത് അവർക്ക് രക്ഷയും സുരക്ഷിതത്വവുമാണ് എന്നവർ വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ അവരുടെ അനുതാപം പലപ്പോഴും ആത്മാർത്ഥതയില്ലാത്തതായിരുന്നു. അത് അവരുടെ ജീവിതത്തിന് ഒരു മാറ്റവും വരുത്തിയില്ല. ആ യിസ്രായേൽ ജനതയോടാണ് സ്നാപകയോഹന്നാൻ വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 3:8 ൽ 'മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായിപ്പിൻ. അബ്രാഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ടു; എന്നു ഉള്ളംകൊണ്ടു പറവാൻ തുനിയരുതു; അബ്രാഹാമിന്നു ഈ കല്ലുകളിൽനിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിന്നു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു' എന്ന് പറഞ്ഞിരിക്കുന്നത്.

ചിലപ്പോഴൊക്കെ നാമും ഇതുപോലെ തന്നെ കഴിഞ്ഞ കാലത്തെ ആത്മീയ അനുഭവങ്ങളുടെ വെളിച്ചത്തിൽ നിരന്തരമായ അനുതാപത്തിന്റെ പ്രാധാന്യത്തെ അവഗണിച്ചുകൊണ്ട് ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ പ്രതിഫലിപ്പിക്കാതെ അന്ധരായി നിൽക്കാറുണ്ട്. തത്ഫലമായി, നമ്മുടെ ജീവിതത്തിന്റെ പല മേഖലകളിലും ആത്മീയമായി വളരുന്നതിൽ നാം പരാജയപ്പെടുന്നു; നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതികൾ നിറവേറ്റപ്പെടാതെ പോകുകയും ദൈവം നമുക്ക് നൽകാൻ ആഗ്രഹിക്കുന്ന പല പ്രതിഫലങ്ങളും നമുക്ക് നഷ്ടമാകുകയും ചെയ്യുന്നു. കർത്താവിനെ പ്രതിനിധീകരിക്കുന്നതിൽ നാം പരാജയപ്പെടുന്നു.

**3. യഥാർത്ഥ പശ്ചാത്താപം: പഴയ പാപജീവിതം ക്രിസ്തുവിന്റെ ജീവിതമായി രൂപാന്തരപ്പെടുത്തുക.**

ഏഷണി, അസൂയ, അലസത, പരാതി, മറ്റുള്ളവരെ വിമർശിക്കുക, സത്യസന്ധതയില്ലായ്മ, അനുസരണക്കേട്, അധാർമ്മികത, ക്ഷമയില്ലായ്മ, സ്വാർത്ഥത, സമർപ്പണത്തിന്റെ അഭാവം, കലാപം, അത്യാഗ്രഹം, പരദൂഷണം, തുടങ്ങിവയൊന്നും ഒരുപക്ഷേ നമ്മുടെ പഴയ വഴികളിൽ ഉൾപ്പെടുന്നില്ലായിരിക്കാം. എന്നാൽ അവ ഏതൊക്കെയാണെന്ന് മറ്റാരെക്കാളും നന്നായി നിങ്ങൾക്കറിയാം.

ക്രിസ്തുവിന്റേതല്ലാത്ത ഈ വഴികൾ ഉപേക്ഷിക്കുവാനും യഥാർത്ഥമായി അനുതപിക്കുവാനും നാം തീരുമാനമെടുക്കണം. വിശുദ്ധനായ പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ എഴുതിയിരിക്കുന്നതുപോലെ "രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുതു" (റോമർ 13:12,14).

എന്റെ പ്രിയപ്പെട്ട മക്കളേ, രക്ഷ ഒരു ദൈനംദിന പ്രക്രിയയാണെന്ന് ഒരിക്കലും മറക്കരുത്. ഫിലിപ്പിയർ 2:12-ൽ പറയുന്നതുപോലെ "ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷെക്കായി പ്രവർത്തിപ്പിൻ" എന്നത് പ്രാവർത്തികമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. മണിപ്പൂരിലെ നമ്മുടെ സഹോദരീസഹോദരന്മാരുടെ സുരക്ഷയ്ക്കും സമാധാനത്തിനും വേണ്ടി വീണ്ടും നമുക്ക് തുടർച്ചയായി പ്രാർത്ഥിച്ചു കൊണ്ടിരിക്കാം .

സർവ്വശക്തനായ ദൈവത്തിന്റെ സമാധാനവും കൃപയും എന്നേക്കും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

പരിശുദ്ധ സഭയിൽനിന്നും,

ക്രിസ്തുവിൽ നിങ്ങളുടെ പിതാവ്



**☩ മോറാൻ മോർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പൊലീത്ത**